33 (346) ട്രഷറി പണമിടപാടുകൾ നടത്തുന്നതിന്റെ കമ്മീഷൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. ഇ.എം. അഗസ്തി :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി പണമിടപാടുകൾ നടത്തുന്നതിന്റെ കമ്മീഷനായി പ്രതി വർഷം എത്ര തുകയാണ് ബാങ്കുകൾക്ക് നൽകേണ്ടതായി വരുന്നത്;

(ബി) ഏതെല്ലാം ബാങ്കുകൾക്കാണ് ഈ തുക നൽകുന്നത്;

(സി) ഈ ഇനത്തിൽ ബാങ്കുകൾക്ക് നൽകുന്ന കമ്മീഷൻ എത്ര ശത മാനമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ട്രഷറി പണമിടപാടുകൾ ബാങ്കുകൾ വഴി നൽകുന്നതുകൊ ണ്ടുള്ള ഗുണവശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ട്രഷറി പണമിടപാടുകൾ നടത്തുന്നതിന് ബാങ്കുകൾക്ക് നൽകുന്ന കമ്മീഷൻ ചെലവ് റിസർവ് ബാങ്കാണ് വഹിക്കുന്നത്. 1997-98 കാല യളവിൽ 16.22 കോടി രൂപയും, 1998-99 കാലയളവിൽ 18.97 കോടി രൂപയും ഏജൻസി ബാങ്കുകൾക്ക് കമ്മീഷനായി റിസർവ് ബാങ്ക് നൽകിയിട്ടുണ്ട്.

(ബി) കേരള സർക്കാർ ട്രഷറികളെ സംബന്ധിച്ചിടത്തോളം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമാണ് ഏജൻസി ബാങ്കുകളായി പ്രവർത്തിക്കുന്നത്

(സി) ഈ ഇനത്തിൽ ബാങ്കുകൾക്ക് നൽകുന്ന കമ്മീഷൻ 1/16 ശത മാനമാണ്.

(ഡി) ട്രഷറി പണമിടപാടുകൾ ബാങ്കുകൾ വഴി നൽകുന്നതുകൊണ്ട് "കറൻസി ചെസ്റ്റ്" തുറന്നു പ്രവർത്തിക്കുന്നതിനുള്ള ചെലവ് ലാഭിക്കാവുന്ന താണ്. പണമിടപാടുകൾക്കുള്ള തിരക്ക് ട്രഷറികളിൽ ഒഴിവാക്കുന്നതാണ്.

34 (347) സെയിൽസ് ടാക്സ് വർദ്ധിപ്പിച്ചതുമൂലം ചെറുകിട വ്യവസായങ്ങൾക്ക് അടച്ചു പൂട്ടൽ ഭീഷണി

ശ്രീമതി. റോസമ്മ ചാക്കോ :

ശ്രീ. എം. മുരളി :

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന സെയിൽസ് ടാക്സ് ഇളവ് പിൻവലിച്ചതും നികുതിനിരക്ക് വർദ്ധിപ്പിച്ചതും മൂലം ചെറുകിട വ്യവസായങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കാര്യം ഗവൺമെന്റിനറിവുണ്ടോ;

(ബി) ഖാദിഗ്രാമവ്യവസായ ബോർഡിന്റെ ധനസഹായത്തിൽ പ്രവർത്തിക്കുന്ന റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായ യൂണിറ്റുകൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

നടപടിമൂലം ദുരിതമനുഭവിക്കുന്നതായി പരാതിപ്പെട്ട് ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ;

(സി) വില്പനനികുതി പരിഷ്കരണംമൂലം അടച്ചുപൂട്ടൽ ഭീഷണിയിലായ ചെറുകിട വ്യവസായ യൂണിറ്റുകളുടെ പ്രശ്നങ്ങൾ അടിയന്തിരമായി പഠിക്കുന്നതിനും പരിഹാരമുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) ഇത്തരം പരാതികൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിന് ഒരു പരാതി സെൽ നികുതി കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്നുണ്ട്.

35 (348) സംസ്ഥാനത്തിന്റെ പ്രതിശീർഷ വരവ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ജോർജ്.ജെ. മാത്യു :

ശ്രീമതി രാധാരാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിലും 1999-2000-ൽ ഇതുവരെയും സംസ്ഥാനത്തിന്റെ മൊത്തം വരവ് എത്ര വീതമായിരുന്നു;

(ബി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ പ്രതിശീർഷ വരവ് എത്ര വീതമായിരുന്നു;

(സി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും ശമ്പളം, അലവൻസ്, പെൻഷൻ എന്നിവയ്ക്ക് വേണ്ടി വന്ന ചെലവ് എത്രവീതമെന്നു പറയുമോ;

(ഡി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും ശമ്പളം, അലവൻസ്, പെൻഷൻ എന്നീ ഇനങ്ങളിലുള്ള പ്രതിശീർഷ ചെലവ് എത്രയെന്നു പറയുമോ?

ഉത്തരം

(എ)

	രൂപ (കോടിയിൽ)
1995-96	5423.56
1996-97	6145.08
1997-98	7118.20
1998-99	7200.59
1999-2000 (നവംബർ വരെ)	4263.12

(ബി)

1995-96	1749.54	രൂപ
1996-97	1975.91	രൂപ
1997-98	2259.75	രൂപ
1998-99	2257.24	രൂപ
1999-2000	ലഭ്യമല്ല.	

LIBRARY ARCHIVES Kerala Legislative Assembly